കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗരറോഡ് വികസന പദ്ധതി പൂർത്തിയാകാറായി. കോഴിക്കോട് നഗരറോഡ് വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കൺസഷണറെ തെരഞ്ഞെടുത്തുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ബി.ഒ.റ്റി.-ആന്വിറ്റി വ്യവസ്ഥയിൽ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ, മലപ്പുറം, കോട്ടയം എന്നീ നഗരറോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂർ, കൊല്ലം എന്നീ നഗരറോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) റോഡ് വികസന പദ്ധതിയിലെ നവീകരണ പ്രവർത്തനങ്ങൾക്ക് പി.പി.പി./ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ച്, കുറഞ്ഞ ആന്വിറ്റി തുക ക്വാട്ട് ചെയ്യുന്ന കരാറുകാരൻ പണം മുടക്കി രണ്ടുവർഷം കൊണ്ട് IRC മാനദണ്ഡങ്ങൾ പ്രകാരം പണി പൂർത്തിയാക്കണം. തുടർന്നുള്ള 13 വർഷക്കാലം റോഡുകളുടെ പരിപാലനം കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

നിർമ്മാണം പൂർത്തിയായശേഷം അർദ്ധ വാർഷിക ഗഡുക്കളായി 13 വർഷം ആന്വിറ്റി തുക കരാറുകാരന് നൽകും. കൂടാതെ നിർമ്മാണ സമയത്ത് പണിയുടെ പുരോഗതി വിലയിരുത്തി എസ്റ്റിമേറ്റ് തുകയുടെ 20% രണ്ടുവർഷംകൊണ്ട് കരാറുകാരന് ഗ്രാന്റായി നൽകുകയും ചെയ്യും. കെ.ആർ.എഫ്.ബി.യിൽ ബി.ഒ.റ്റി.-ആന്വിറ്റി മാതൃകയിൽ ടോൾ പിരിവില്ലാതെയാണ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നത്.

## ലൈറ്റ് മെട്രോ പദ്ധതി

9 (*99) ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എളമരം കരീം :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈറ്റ് മെട്രോ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഏതെല്ലാം നഗരങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്ക് എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) പദ്ധതിയുടെ പ്രവർത്തനം ഡി.എം.ആർ.സി.യെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു ; വിശദമാക്കാമോ ;

(ഡി) മോണോ റെയിൽ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കുകയുണ്ടായോ ; ഈ പദ്ധതിക്കായി ഇതിനകം എത്ര തുക ചെലവായി എന്ന് വെളിപ്പെടുത്താമോ ;

(ഇ) മോണോ റെയിൽ പദ്ധതിയുടെ സാധ്യത സംബന്ധിച്ച് സമഗ്ര പഠനം നടത്തിയിരുന്നോ ; എങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്ന സാഹചര്യം വിശദമാക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ലൈറ്റ് മെട്രോ പദ്ധതിക്കായി ഡി.എം.ആർ.സി. തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) പദ്ധതിക്കായി കണക്കാക്കപ്പെട്ട തുക ചുവടെ ചേർക്കുന്നു :

| | തിരുവനന്തപുരം | കോഴിക്കോട് | ആകെ തുക |
|---|---|---|---|
| അടങ്കൽ തുക | 3453 കോടി | 2057 കോടി | 5510 കോടി |
| പൂർത്തീകരണച്ചെലവ് | 4219 കോടി | 2509 കോടി | 6728 കോടി |

ലൈറ്റ് മെട്രോ പദ്ധതികൾക്കായി 2015-16 ലെ സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷനായി ഒരുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. 5 വർഷംകൊണ്ട് തിരുവനന്തപുരവും 4 വർഷംകൊണ്ട് കോഴിക്കോടും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതിയുടെ പ്രവർത്തനം ഡി.എം.ആർ.സി.യെ ഏൽപ്പിക്കുന്നത്. സംബന്ധിച്ച് വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മോണോറെയിൽ പദ്ധതി പൂർണ്ണമായും ഉപേക്ഷിച്ച് മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിയായ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാനാണ് പദ്ധതിയുടെ കൺസൾട്ടന്റായ ഡി.എം.ആർ.സി. ശിപാർശ ചെയ്തിരിക്കുന്നത്. മോണോ റെയിൽ പദ്ധതിക്കായും ലൈറ്റ് മെട്രോ പദ്ധതിക്കായും ഇതുവരെ നടന്ന പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2015 ജൂൺ 12 വരെ 12,88,55,088 രൂപ ചെലവായിട്ടുണ്ട്.

(ഇ) തിരുവനന്തപുരം നഗരത്തിന് നാറ്റ്പാക്കും കോഴിക്കോട് നഗരത്തിന് വിൽബർ സ്മിത്ത് അസോസിയേറ്റ്സുമാണ് പദ്ധതി സംബന്ധിച്ച സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചത്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനാണ് രണ്ട് നഗരങ്ങൾക്കും മോണോറെയിൽ പദ്ധതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയത്.

മോണോറെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ സർക്കാർ നിർദ്ദേശപ്രകാരം പുനഃദർഘാസ് വിളിക്കുകയും ചെയ്തു. പുനഃദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് DMRC വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ- ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ, 28-8-2014-ന് കൂടിയ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ DMRC-യെ ചുമതലപ്പെടുത്തുകയും ചെയ്തു.

**ഭൂനിയമങ്ങളിൽ ഭേദഗതി**

10 (*100) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly